# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1787** **16.02.2016 ൽ മറുപടിയ്ക്ക്**

## സബോർഡിനേറ്റ് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) | ഗവ. സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു. |
| (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസ് ബാധകമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് സർക്കാർ ഇതുവരെ തീരുമാനം ഒന്നും എടുത്തിട്ടില്ല. |
| (സി) | പി.എസ്.സി.യിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നിവേദനങ്ങൾ പി.എസ്.സി.ക്കോ സർക്കാരിനോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) | ഉണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ആഫീസർ

# കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ

(രജി.നമ്പർ : 261/87)

സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം - 695004

Ph : 0471 - 2446691, E-mail : keralapscu@gmail.com

എസ്. ജയകുമാർ
പ്രസിഡന്റ്

വി.ബി. മനുകുമാർ
ജനറൽ സെക്രട്ടറി


നമ്പർ : 10/2015-16

തീയതി: 1.1.2016

ചെയർമാൻ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
തിരുവനന്തപുരം

സർ,

വിഷയം: കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് -സംബന്ധിച്ച്.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയും സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. യോ തത്തുല്യമോ ആക്കി ഉയർത്തി നിശ്ചയിക്കുകയും പ്രത്യേക നിയമന ആവശ്യം അംഗീകരിച്ചു കൊണ്ട് ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസിലും കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലും ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള അനുമതി നൽകിക്കൊണ്ട് 15-12-2015 ലെ സ. ഉ. (എം. എസ്) നം. 321/2015/പൊ.ഭ.വ. പ്രകാരം ഉത്തരവായിരിക്കുന്നു.

ആസ്ഥാന ഒഴിവുകളിൽ 14 ജില്ലകളിലെ റാങ്ക് ലിസ്റ്റിൽ നിന്നു നിയമിക്കപ്പെടുന്നവർ മറ്റുജില്ലകളിൽ ജോലി നോക്കേണ്ടിവരുന്നതു കൊണ്ട് താരതമ്യേന താഴ്ന്ന വരുമാനക്കാരായ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് അനുഭവിക്കേണ്ടിവരുന്ന സാമ്പത്തികവും മാനസികവുമായ ബുദ്ധിമുട്ടുകൾ ഏറെയാണ്. സർവ്വീസ് സംഘടനകൾ ഓരോ ശമ്പള പരിഷ്കരണ കമ്മീഷനു മുന്നിലും നിരന്തരം ഈ വിഷയം അവതരിപ്പിക്കുകയും അവർക്കായി നിശ്ചിത ശതമാനം തുക പ്രത്യേക അലവൻസായി അനുവദിക്കണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 9 ാം ശമ്പള കമ്മീഷൻ ഇക്കാര്യത്തിൽ അനുകൂല സമീപനം സ്വീകരിച്ചുകൊണ്ട് ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയിൽ അവർക്കായി പ്രത്യേക നിയമനം നടത്തണമെന്ന് സർക്കാരിന് ശുപാർശ നൽകിയിട്ടുള്ളത്. ഈ ശുപാർശ സർക്കാർ അംഗീകരിച്ചുകൊണ്ടാണ് ഗവ. സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റിന്റെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. യാക്കി ഉയർത്താനും ഇവർക്കായി പ്രത്യേക തെരഞ്ഞെടുപ്പു നടത്തി നിയമനം നടത്താനും ഉത്തരവായിട്ടുള്ളത്.

ഗവ. സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റിന്റെ വിദ്യാഭ്യാസ യോഗ്യത ഉയർത്തി സെക്രട്ടേറിയറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി ഉത്തരവായതിന് സമാന സാഹചര്യമാണ് പി.എസ്.സി. യിലും നിലനിൽക്കുന്നത്. 14 ജില്ലകളിലും ഓഫീസ് പ്രവർത്തിക്കുന്നുവെങ്കിലും ആസ്ഥാന ഓഫീസിലാണ് ഭൂരിപക്ഷം ജീവനക്കാരും പ്രവൃത്തിയെടുക്കുന്നത്. താഴ്ന്ന വിഭാഗം ജീവനക്കാരിൽ ഭൂരിപക്ഷം ജീവനക്കാരും ഗവ. സെക്രട്ടേറിയറ്റിലേതുപോലെ തിരുവനന്തപുരത്ത് ആണ് നിർബന്ധിത സേവനം അനുഷ്ഠിക്കുന്നത്. ജില്ലകളിലെ ഓഫീസുകളിൽ ജോലി നോക്കുന്നവർ രണ്ടുവർഷം കഴിയുമ്പോൾ ഓപ്ഷൻ മുഖേന മറ്റു ജില്ലകളിൽ സ്ഥലം മാറി പോകുന്നവരോ ആസ്ഥാന ഓഫീസിൽ നിർബന്ധിതമായി സ്ഥലം മാറ്റപ്പെടുന്നവരോ ആണ്. താഴ്ന്ന ശമ്പളം പറ്റുന്ന ടി ജീവനക്കാർക്ക് രണ്ടുവർഷം കൂടുമ്പോഴുള്ള സ്ഥലം മാറ്റം വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ഈ വിഭാഗം ജീവനക്കാരുടെ പ്രയാസങ്ങൾക്ക് അൽപമെങ്കിലും ആശ്വാസത്തിനുവേണ്ടിയാണ് 8, 9, 10 ശമ്പള കമ്മീഷനുകൾക്ക് മുന്നിൽ ജില്ലാതല റാങ്ക് ലിസ്റ്റിൽ നിന്നും ആസ്ഥാന ഒഴിവിലേക്ക് നിയമിക്കപ്പെടുന്ന പി.എസ്.സി. യിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നിർബന്ധിത സ്ഥലം മാറ്റത്തിനു വിധേയമായി ആസ്ഥാന ആഫീസിൽ ജോലി ചെയ്യുന്ന കാലയളവിൽ അടിസ്ഥാന ശമ്പളത്തിന്റെ 20% ഹെഡ്ക്വാർട്ടേഴ്സ് അലവൻസായി അനുവദിക്കണമെന്ന ആവശ്യം യൂണിയൻ ഉന്നയിച്ചുവരുന്നത്. 9 ാം ശമ്പള കമ്മീഷൻ യൂണിയന്റെ ആവശ്യം കൂടി പരിഗണിച്ചാണ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റുമാർക്ക് പ്രത്യേക തെരഞ്ഞെടുപ്പ് നടത്തണമെന്ന ശുപാർശ ചെയ്തിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും.

ഇതര വകുപ്പുകളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ആകെ ഒഴിവുകളിൽ നാമമാത്രഒഴിവുകൾ മാത്രമാണ് ആസ്ഥാന ഒഴിവുകളായിട്ടുള്ളത്. അപ്രകാരം ആസ്ഥാന ഒഴിവുകളിൽ നിയമനം ലഭിക്കുന്നവർക്ക് അവരവരുടെ ജില്ലകളിൽ വളരെ വേഗം തന്നെ തിരിച്ചു പോകാനും അവസരമുണ്ട്. എന്നാൽ പിഎസ്.സി. യിലെ എല്ലാ തസ്തികകളും ആസ്ഥാന ഒഴിവുകളാണ്. ആയതിനാൽ മറ്റു വകുപ്പുകളിൽ ആസ്ഥാന ഒഴിവുകളിൽ നിയമനം ലഭിക്കുന്നവർക്ക് സ്വന്തം ജില്ലകളിൽ സ്ഥലം മാറ്റം ലഭിക്കുവാൻ അവസരമുണ്ടാകുമ്പോൾ പി.എസ്.സി. യിലെ ജീവനക്കാർക്ക് സ്വന്തം ജില്ലകളിലേക്കുള്ള സ്ഥലം മാറ്റത്തി നുള്ള അവസരം വിരളവും താൽക്കാലികവുമാണ്.

മേൽ പറഞ്ഞ വസ്തുതകൾ പരിഗണിച്ച് സമാനമേഖല എന്ന നിലയിൽ പി.എസ്.സി. അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷന്റെ പരിരക്ഷയിൽ എപ്രകാരമാണോ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ബാധകമാക്കിയിട്ടുള്ളത് ആ പരിരക്ഷയിൽ നിന്നുകൊണ്ട് പി.എസ്.സി. യിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും 15-12-2015 ലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

True copy attested
Kurian Suyan

വിശ്വസ്തതയോടെ

ജനറൽ സെക്രട്ടറി

സെക്ഷൻ ആഫീസർ

# P.S.C. EMPLOYEES ASSOCIATION

Regd. No.267/91

STATE COMMITTEE

President
P.SATHEESH KUMAR

General Secretary
M. MOHAMMED JASI

പട്ടം,

06.01.2016.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവർകൾ സമക്ഷം.

സർ,

വിഷയം:- പി.എസ്.സിയിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:- സ.ഉ.(എം.എസ്)നമ്പർ.321/2015/പെ.ഭ.വ. തീയതി 15/12/2015.

::::::::

ഗവണ്മെൻറ് സെക്രട്ടറിയേറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സൂചന ഉത്തരവ് പ്രകാരം സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തിയ യു.ഡി.എഫ്. ഗവണ്മെൻറിൻെറ തീരുമാനം പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ സ്വാഗതം ചെയ്യുന്നു. നാളിതുവരെ ഗവണ്മെൻറ് സെക്രട്ടറിയേറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരുന്നത് ലാസ്റ്റ് ഗ്രേഡ് സർവീസ് റൂൾസ് പ്രകാരമായിരുന്നു. ടി റൂൾസ് ആയിരുന്നു പി.എസ്.സി.യിലെയും താഴ്ന്ന വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിലും പിൻതുടർന്നിരുന്നത്. പി.എ.സ് സിയിലെ അസിസ്റ്റൻറ് മുതൽ സ്പെഷൽ സെക്രട്ടറി വരെയുള്ള എല്ലാ ജീവനക്കാരുടേയും നിയമനത്തിന് ആധാരമായിട്ടുള്ളതും സെക്രട്ടറിയേറ്റിലെ സമാന തസ്തികയിലെ നിയമങ്ങളാണ്. അതിന് ഉത്തമ ഉദാഹരണമാണ് അസിസ്റ്റൻറ്, കമ്പ്യൂട്ടർ അസിസ്റ്റൻറ്, സെക്യൂരിറ്റി ഗാർഡ് എന്നീ തസ്തികയിലെ എൻട്രി കേഡർ നിയമനങ്ങൾക്ക് ഒറ്റ സെലക്ഷൻ നടത്തി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഉണ്ടാകുന്ന ഒഴിവുകൾ ഒറ്റ യൂണിറ്റായി പരിഗണിച്ച് പി.എസ്.സി., സെക്രട്ടറിയേറ്റ്, എന്നിവിടങ്ങളിൽ നിയമിക്കുന്നത്.

പി.എസ്.സി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത് "Kerala Public Service Commission (Composition and Conditions of service of Members and Staff) Regulation- ലെ 12(3) പ്രകാരമാണ്. ആയത് ഇപ്രകാരമാണ്. "The conditions of service of the members of the staff of the commission shall, save as expressly provided in regulation, be the same as those prescribed by state Government servants holding corresponding appointments".

Treasurer
AJITH KUMAR.K.G

Vice Presidents
SANJEEV.P.A
SUBHASH CHANDRAN.P.K

Joint Secretaries
S. RAJAN
S.AJITH KUMAR

Executive Committee Members
S.S.SAJITHA KUMARI
R.C.SURESH KUMAR
G.SUDHI
SABU.P.L

കേരള സിവിൽ സർവീസിൽ പി.എസ്.സിയ്ക്ക് സമാനമായ തസ്തികകൾ നിലനിൽക്കുന്നത് സെക്രട്ടറിയേറ്റിലാണ്. ആയതിനാൽ തന്നെ പി.എസ്.സിയുടെ സ്പെഷൽ റൂൾ സംബന്ധിച്ച റഗുലേഷനിലെ 12(3) വ്യവസ്ഥ പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവൻറ്സ് മുതൽ സെക്രട്ടറി വരെയുള്ള ജീവനക്കാരുടെ സേവന വ്യവസ്ഥകൾക്ക്, സെക്രട്ടറിയേറ്റിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ പ്രകാരമാണ്. ആയതിനാൽ 15.12.2015-ലെ സർക്കാർ ഉത്തരവ്(എം.എസ്.)നമ്പർ.321/2015 ഉത്തരവ് പി.എസ്.സി ജീവനക്കാർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു.

എം. മുഹമ്മദ് ജാസി.
ജനറൽ സെക്രട്ടറി.

പി. സതീഷ്കുമാർ
പ്രസിഡൻറ്

Copy To : Hon'ble Chairman, Kerala Public Service Commission .
Hon'ble Secretary, Kerala Public Servuice Commission.

True Copy attested
Kumari Sreeja M

Maya P
സെക്ഷൻ ഓഫീസർ

2812/16/ഗ്ര

# P.S.C. EMPLOYEES ASSOCIATION

Regd. No.267/91

STATE COMMITTEE


President
P.SATHEESH KUMAR

General Secretary
M. MOHAMMED JASI


പട്ടം,

06.01.2016.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവർകൾ സമക്ഷം.

സർ,

Secy. (GAD)
Please examine and put up

വിഷയം:- പി.എസ്.സിയിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:- സ.ഉ.(എം.എസ്)നമ്പർ.321/2015/പൊ.ഭ.വ.തീയതി.15/12/2015.

::::::::

ഗവണ്മെൻറ് സെക്രട്ടറിയേറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സൂചന ഉത്തരവ് പ്രകാരം സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തിയ യു.ഡി.എഫ്. ഗവണ്മെൻറിൻെറ തീരുമാനം പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ സ്വാഗതം ചെയ്യുന്നു. നാളിതുവരെ ഗവണ്മെൻറ് സെക്രട്ടറിയേറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരുന്നത് ലാസ്റ്റ് ഗ്രേഡ് സർവീസ് റൂൾസ് പ്രകാരമായിരുന്നു. ടി റൂൾസ് ആയിരുന്നു പി.എസ്.സി.യിലെയും താഴ്ന്ന വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിലും പിൻ തുടർന്നിരുന്നത്. പി.എ.സ് സിയിലെ അസിസ്റ്റൻറ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള എല്ലാ ജീവനക്കാരുടേയും നിയമനത്തിന് ആധാരമായിട്ടുള്ളതും സെക്രട്ടറിയേറ്റിലെ സമാന തസ്തികയിലെ നിയമങ്ങളാണ്. അതിന് ഉത്തമ ഉദാഹരണമാണ് അസിസ്റ്റൻറ്, കമ്പ്യൂട്ടർ അസിസ്റ്റൻറ്, സെക്യൂരിറ്റി ഗാർഡ് എന്നീ തസ്തികയിലെ എൻട്രി കേഡർ നിയമനങ്ങൾക്ക് ഒറ്റ സെലക്ഷൻ നടത്തി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഉണ്ടാകുന്ന ഒഴിവുകൾ ഒറ്റ യൂണിറ്റായി പരിഗണിച്ച് പി.എസ്.സി., സെക്രട്ടറിയേറ്റ്, എന്നിവിടങ്ങളിൽ നിയമിക്കുന്നത്.

പി.എസ്.സി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത് "Kerala Public Service Commission (Composition and Conditions of service of Members and Staff) Regulation- ലെ 12(3) പ്രകാരമാണ്. ആയത് ഇപ്രകാരമാണ്. "The conditions of service of the members of the staff of the commission shall, save as expressly provided in regulation, be the same as those prescribed by state Government servants holding corresponding appointments".

കേരള സിവിൽ സർവീസിൽ പി.എസ്.സിയ്ക്ക് സമാനമായ തസ്തികകൾ നിലനിൽക്കുന്നത് സെക്രട്ടറിയേറ്റിലാണ്. ആയതിനാൽ തന്നെ പി.എസ്.സിയുടെ സ്പെഷൽ റൂൾ സംബന്ധിച്ച റഗുലേഷനിലെ 12(3) വ്യവസ്ഥ പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവൻറ്സ് മുതൽ സെക്രട്ടറി വരെയുള്ള ജീവനക്കാരുടെ സേവന വ്യവസ്ഥകൾക്ക്, സെക്രട്ടറിയേറ്റിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ പ്രകാരമാണ്. ആയതിനാൽ 15.12.2015–ലെ സർക്കാർ ഉത്തരവ്(എം.എസ്.)നമ്പർ.321/2015 ഉത്തരവ് പി.എസ്.സി ജീവനക്കാർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു.

എം. മുഹമ്മദ് ജാസി.
ജനറൽ സെക്രട്ടറി.

പി. സതീഷ്കുമാർ
പ്രസിഡൻറ്

Copy To : Hon'ble Chairman, Kerala Public Service Commission .
Hon'ble Secretary, Kerala Public Servuice Commission.

സെക്ഷൻ ഓഫീസർ